**Mathrubhumi**

**22 August 2018**

**Kerala Flood, Flood Relief, Foreign Aid, UAE**

## യു.എ.ഇ.യുടെ

# 700 കോടി

**പി.പി. ശശീന്ദ്രൻ**
ദുബായ്

▸ പ്രളയക്കെടുതി നേരിടുന്ന കേരളത്തെ സഹായിക്കാൻ യു.എ.ഇ. ആയിരം ലക്ഷം ഡോളർ (700 കോടിയോളം രൂപ) നൽകും.യു.എ.ഇ. സായുധസേനയുടെ ഉപ സർവ സൈന്യാധിപനും അബുദാബി കിരീടാവകാശിയുമായ ശൈഖ് മുഹമ്മദ് ബിൻ സായിദ് അൽ നഹ്യാൻ കേരളത്തിനുള്ള സഹായം സംബന്ധിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദിയെ അറിയിച്ചു. ചൊവ്വാഴ്ച രാവിലെ അബുദാബിയിൽ കിരീടാവകാശിക്ക് പെരുന്നാൾ ആശംസ നേരുന്നതിനിടെ പ്രവാസി വ്യവസായി ലുലു ഗ്രൂപ്പ് ചെയർമാൻ എം.എ. യൂസഫലിയോടും ഇക്കാര്യം അദ്ദേഹം പങ്കുവെച്ചു. യൂസഫലി നൽകിയ വിവരമനുസരിച്ച് മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്ത് നടത്തിയ പത്രസമ്മേളനത്തിൽ യു.എ.ഇ.യുടെ സഹായം പ്രഖ്യാപിച്ചു.

കേരളത്തെ സഹായിക്കാൻ പ്രത്യേക സഹായനിധിക്ക് യു.എ.ഇ. പ്രസിഡൻറ് ശൈഖ് ഖലീഫ ബിൻ സായിദ് അൽ നഹ്യാൻ രൂപം നൽകിയ കാര്യം നേരത്തേ യു.എ.ഇ. വൈസ് പ്രസിഡൻറും പ്രധാനമന്ത്രിയും ദുബായ് ഭരണാധികാരിയുമായ ശൈഖ് മുഹമ്മദ് ബിൻ റാഷിദ് അൽ മക്തൂം പ്രഖ്യാപിച്ചിരുന്നു. ഈ നിധി വഴി സമാഹരിക്കുന്ന തുകയായിരിക്കും യു.എ.ഇ. കൈമാറുക.

യു.എ.ഇ. റെഡ് ക്രസൻറിൻെറ നേതൃത്വത്തിൽ യു.എ.ഇ. രൂപവത്കരിച്ച സഹായനിധി വിവിധ തലങ്ങളിലൂടെയാണ് പണം സമാഹരിക്കുന്നത്. എം.എ. യൂസഫലി, ഡോ. ബി.ആർ. ഷെട്ടി, സണ്ണി വർക്കി തുടങ്ങിയവർ ഇതിനകം തന്നെ പത്ത് കോടി രൂപവീതം ഈ ഫണ്ടിലേക്ക് നൽകിയിട്ടുണ്ട്. യു.എ.ഇ.യിലെ ടെലികോം ദാതാക്കളായ ഇത്തിസലാത്ത്, ഡു എന്നിവ വഴി പത്ത് മുതൽ 200 ദിർഹം വരെ മൊബൈൽ ഫോൺ വഴി അയക്കാനും സൗകര്യമേർപ്പെടുത്തിയിട്ടുണ്ട്. സാധാരണക്കാരായ ആയിരങ്ങളാണ് നിത്യേന ഇതുവഴി കേരളത്തെ സഹായിക്കുന്നത്.

### കേരളം നന്ദി പറയുന്നു

▸ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി 700 കോടി രൂപ വാഗ്ദാനം ചെയ്ത യു.എ.ഇ. പ്രസിഡൻറ് ശൈഖ് ഖലീഫ ബിൻ സായിദ് അൽ നഹ്യാൻ, വൈസ് പ്രസിഡൻറും പ്രധാനമന്ത്രിയുമായ ശൈഖ് മുഹമ്മദ് ബിൻ റാഷിദ് അൽ മക്തൂം എന്നിവർക്ക് നന്ദി അറിയിക്കുന്നു. അറബ് സമൂഹത്തിന് കേരളത്തോടുള്ള വൈകാരികബന്ധവും കരുതലുമാണ് ഇത്.

-മുഖ്യമന്ത്രി പിണറായി വിജയൻ